**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **31-08-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടിയിൽ പച്ച തേങ്ങ സംഭരണ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിലോ നഗരസഭകളിലോ പച്ച തേങ്ങ സംഭരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ തിരൂരങ്ങാടി മണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ VFPCK യുടെ 11 (പതിനൊന്ന്) സംഭരണ കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങാ സംഭരിക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ തിരൂരങ്ങാടി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും പച്ച തേങ്ങ സംഭരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPOകൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പുവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുന്നതുമാണ്. ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ